## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1688 — 25.3.2013-ലെ മറുപടിക്ക്

### ഇൻഡോ -ടിബറ്റൻ ബോർഡർ പോലീസിനു സ്ഥലം നൽകുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. ഉമ്മൻ ചാണ്ടി ( മുഖ്യമന്ത്രി) |
| എ) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ സ്ഥലം ഐ.റ്റി.ബി.പി.ക്കു കൊടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; | എ) ബി) സി) ഡി) & ഇ) | ആരോഗ്യ വകുപ്പിനു കീഴിലുള്ള മാവേലിക്കര- മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനട്ടോറിയത്തിലെ 50 ഏക്കർ സ്ഥലം ഐ.റ്റി.ബി.പി-ക്ക് കൊടുക്കാൻ 23.7.2012-ൽ മുഖ്യമന്ത്രി വിളിച്ച് കൂട്ടിയ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ആയതിൻ പ്രകാരം ടി സ്ഥലത്തിന്റെ ചുറ്റളവിലുള്ള 25 ഏക്കർ സ്ഥലം കണ്ടെത്തുവാനും ആയത് സാനട്ടോറിയത്തിനോട് ചേർക്കാനും 20 ഏക്കർ ഹോസ്പിറ്റലിനും ക്വാർട്ടേഴ്സിനും 50 ഏക്കർ ഐ.റ്റി.ബി.പി-യ്ക്കും 71 ഏക്കർ ആരോഗ്യ വകുപ്പിന് ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസോ അത് പോലെ സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്കോ വേണ്ടിയുള്ള ഒരു പ്ലാൻ തയ്യാറാക്കാൻ ആലപ്പുഴ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത സ്ഥലം ഐ.റ്റി.ബി.പി-ക്കു കൈമാറാൻ പാടില്ലെന്ന എം.എൽ.എ -യുടെ കത്ത് ലഭി ച്ചിട്ടുണ്ടോ ; | | |
| സി) ഐ.റ്റി.ബി.പി.ക്കു കൈമാറാൻ തീരുമാനിച്ചത് ആരോഗ്യ വകുപ്പിനു കീഴിലുള്ള വളരെ പ്രധാനപ്പെട്ട ഭൂമിയാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| ഡി) ഐ.റ്റി.ബി.പി.ക്കായി ഇത്രയും പ്രധാനമല്ലാത്ത മറ്റേതെങ്കിലും ഭൂമി ലഭിക്കുമോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | | |
| ഇ) കോട്ടയം ജില്ലയിലെ പൂഞ്ഞാറിൽ ഇതിനാവശ്യമായ സ്ഥലം ലഭ്യമാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൂഞ്ഞാറിലെ സ്ഥലം ഐ.റ്റി.ബി.പി.ക്കായി തെരഞ്ഞെടുത്താൽ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ സ്ഥലം ആരോഗ്യവകുപ്പിന്റെ കീഴിലുള്ള വലിയ പദ്ധതികൾക്കായി വിനിയോഗിക്കാമെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | | |

സെക്ഷൻ ഓഫീസർ